I. ഇ.ബി. XV-കേരള നിയമസഭ/XIII-20

# പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2025 മാർച്ച് 21, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I അനുമോദനം

ക്രിക്കറ്റ് മത്സരം

മി. സ്പീക്കർ: കേരള യൂണിയൻ ഓഫ് വർക്കിങ് ജേർണലിസ്റ്റുകളും സ്പീക്കേഴ്സ് ഇലവനും ഡ്രഗ്സിനെതിരായി സംഘടിപ്പിച്ച ക്രിക്കറ്റ് മത്സരത്തിൽ പങ്കെടുത്തവരെയും മാൻ ഓഫ് ദി മാച്ച് ആയി തിരഞ്ഞെടുത്ത ശ്രീ. എം. വിജിൻ എം.എൽ.എ.-യെയും അഭിനന്ദിക്കുന്നു.

## II ശ്രദ്ധ ക്ഷണിക്കൽ

### (1) ഗതാഗത മേഖലയിലെ പ്രതിസന്ധി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങൾ കാരണം ഗതാഗത മേഖല വെല്ലുവിളി നേരിടുകയാണ്. ലൈസൻസ്, വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് മുതലായവയുടെ വിതരണം സ്വകാര്യവൽക്കരിച്ചിരിക്കുകയാണ്. ആർ.ടി. ഓഫീസുകളിലെ സർവീസ് കൗണ്ടറുകൾ നിർത്തലാക്കുകയും ഉച്ചയ്ക്കുശേഷം പൊതുജനങ്ങൾക്ക് പ്രവേശനം നിഷേധിക്കുകയും ചെയ്ത നടപടി പിൻവലിക്കണം. ചരക്ക് വാഹനങ്ങളിലും ടാങ്കർ ലോറികളിലും ക്ലീനർ ഇല്ലെന്ന കാരണത്താൽ ഫൈൻ ഈടാക്കുന്നത് ഒഴിവാക്കണം. റോഡ് വികസനത്തിന്റെ ഭാഗമായി നഷ്ടപ്പെട്ട ഓട്ടോ-ടാക്സി സ്റ്റാൻഡുകൾക്ക് പകരമായി തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രധാന റോഡുകൾക്ക് സമീപം രണ്ട് വാഹനങ്ങളെങ്കിലും പാർക്ക് ചെയ്യാൻ ക്രമീകരണം ഏർപ്പെടുത്തണം. ക്ഷേമനിധി ആനുകൂല്യത്തിനുള്ള നടപടികൾ ലഘൂകരിക്കാനും ക്വാറികളിൽ വേ-ബ്രിഡ്ജ് സ്ഥാപിക്കാനും ചരക്ക് വാഹന നികുതി കുറയ്ക്കാനും നടപടി സ്വീകരിക്കണം. മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ബന്ധപ്പെട്ട മന്ത്രിമാരുടെ യോഗം വിളിച്ചുചേർത്ത് ടി വിഷയങ്ങൾക്ക് പരിഹാരം കാണണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): കുത്തക മുതലാളിമാർക്കുവേണ്ടി കേരളത്തിലെ ജനങ്ങളുടെമേൽ അധിക ഭാരം അടിച്ചേല്പിക്കുന്ന കേന്ദ്ര നിലപാടിനെതിരെ നിയമപോരാട്ടം നടത്തും. എ.ടി.എസ്., നമ്പർ പ്ലേറ്റ് എന്നിവ അടക്കമുള്ള എല്ലാ പദ്ധതികളും ടെൻഡർ മുഖേന സുതാര്യമായി നടപ്പാക്കും. ക്വാറികളിൽ വേ-ബ്രിഡ്ജ് സ്ഥാപിക്കണമെന്ന ഉത്തരവ് നിലവിലുണ്ട്. ഗതാഗത വകുപ്പിന്റെ എല്ലാ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്നതുകൊണ്ടാണ് സർവീസ് കൗണ്ടറുകൾ നിർത്തലാക്കിയത്. ക്ലാർക്കുമാരുടെ ജോലി ഭാരം കുറയ്ക്കാനും സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കാനുമാണ് ഫയലുകൾ ഓൺലൈനായി വീതിച്ചുനൽകുന്ന സംവിധാനം ഏർപ്പെടുത്തിയത്. പൊതുജനങ്ങൾ അനാവശ്യമായി ഓഫീസുകൾ കയറിയിറങ്ങുന്നത് ഒഴിവാക്കാനാണ് ഉച്ചയ്ക്ക് ഒരു മണിക്കുശേഷം പ്രവേശനം നിയന്ത്രിച്ചിരിക്കുന്നത്. മറ്റ് വിഷയങ്ങൾ ചർച്ച ചെയ്യാനായി ബന്ധപ്പെട്ട മന്ത്രിമാരുടെ യോഗം വിളിച്ചുചേർക്കണമെന്ന് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നതാണ്.

(2) <u>വടകര റോട്ടറി സ്കൂൾ ഫോർ ഹിയറിങ് ഇംപയേർഡിൽ ഹൈസ്കൂൾ അനുവദിക്കേണ്ടതിന്റെയും ഭിന്നശേഷിക്കാർക്കുള്ള സ്കൂളുകളിൽ മികച്ച സൗകര്യങ്ങൾ ഉറപ്പാക്കേണ്ടതിന്റെയും ആവശ്യകത</u>

<u>ശ്രീമതി കെ. കെ. രമ</u>: വടകര റോട്ടറി സ്കൂൾ ഫോർ ഹിയറിങ് ഇംപയേർഡിൽ ഹൈസ്കൂൾ ക്ലാസുകൾ അനുവദിക്കണം. ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണനയും പരിശീലനവും നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരണം. ഭിന്നശേഷി വിദ്യാർഥികൾക്കായി പ്രത്യേക പാഠപുസ്തകങ്ങളും പാഠ്യപദ്ധതിയും തയ്യാറാക്കണം. സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന സർക്കാർ/എയ്ഡഡ്/സ്വകാര്യ സ്കൂളുകളിൽ മികച്ച സൗകര്യങ്ങൾ ഉറപ്പാക്കുകയും വീടിനടുത്തുതന്നെ പത്താം ക്ലാസ് വരെ പഠിക്കാനുള്ള സൗകര്യമൊരുക്കുകയും ചെയ്യണം. പരിശീലനം നേടിയ തെറാപ്പിസ്റ്റുകളുടെയും സ്പെഷ്യലിസ്റ്റ് അധ്യാപകരുടെയും മനഃശാസ്ത്ര വിദഗ്ധരുടെയും കലാ-കായിക അധ്യാപകരുടെയും സേവനങ്ങൾ ഉറപ്പാക്കണം. സ്പീച്ച് ട്രെയിനർ, ഓഡിയോ മീറ്റർ, ആംപ്ലിഫയർ ഉൾപ്പെടെയുള്ളവ സ്കൂളുകളിൽ ലഭ്യമാക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): വടകര റോട്ടറി സ്കൂൾ ഫോർ ഹിയറിങ് ഇംപയേർഡിന് 2012-ൽ എയ്ഡഡ് പദവി ലഭിക്കുകയും 2015-ലെ സർക്കാർ ഉത്തരവുപ്രകാരം സ്കൂളിന് ഒരു പ്രധാനാധ്യാപകൻ, 5 അസിസ്റ്റന്റ് ടീച്ചർമാർ, ഒരു ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളും അനുവദിക്കുകയുണ്ടായി. പുതുതായി അനുവദിക്കുന്ന തസ്തികകളിൽ പ്രസ്തുത സ്കൂളിലെ യോഗ്യതയുള്ള അധ്യാപകരെ സംരക്ഷിച്ചതിനുശേഷം വരുന്ന ഒഴിവുകളിൽ സംരക്ഷിത അധ്യാപകരെയും കോമൺ പൂളിൽനിന്ന് സ്പെഷ്യലിസ്റ്റ് അധ്യാപകരെയും മാത്രമെ നിയമിക്കാവൂ എന്ന നിബന്ധനയോടെയാണ് പുതിയ തസ്തികകൾ അനുവദിച്ചിരുന്നത്. ഭിന്നശേഷി വിദ്യാർഥികൾക്കായുള്ള സ്കൂളുകളിൽ കാലത്തിനനുസൃതമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. പ്രത്യേക പാഠപുസ്തകങ്ങളും പാഠ്യപദ്ധതിയും തയ്യാറാക്കുന്നതുസംബന്ധിച്ച് കൂടുതൽ പഠനം ആവശ്യമാണ്.

## III സബ്മിഷൻ

### (1) ആശാ പ്രവർത്തകരുടെ സമരം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ന്യായമായ ആവശ്യങ്ങളുന്നയിച്ച് ആശാ പ്രവർത്തകർ നടത്തുന്ന സമരം

അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അവരോട് അനുഭാവപൂർവമായ നിലപാട് സ്വീകരിക്കണം. കേന്ദ്ര സർക്കാർ ഇൻസെന്റീവ് വർധിപ്പിക്കണമെന്നാവശ്യപ്പെട്ട് യു.ഡി.എഫ്. എം.പി.-മാർ പാർലമെന്റിനകത്തും പുറത്തും തുടർച്ചയായി സമരം നടത്തുന്നുണ്ട്. സംസ്ഥാന സർക്കാർ മുൻകൈയെടുത്ത് സാധ്യമായ സഹായം ചെയ്തുകൊണ്ട് സമരം അവസാനിപ്പിക്കണം.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ആശാ പ്രവർത്തകരുടെ കാര്യത്തിൽ അനുഭാവപൂർവമായ നിലപാടാണ് സർക്കാരിനുള്ളത്. സമര രംഗത്തുള്ളവരുടെ ചില നിർബന്ധമാണ് സമരം അവസാനിപ്പിക്കുന്നതിനുള്ള ചർച്ച പരാജയപ്പെടാനിടയാക്കിയത്. ആശാ പ്രവർത്തകർക്ക് കേരളം 6,000/- രൂപയാണ് ഓണറേറിയം നൽകുന്നതെന്ന തെറ്റായ മറുപടിയാണ് കേന്ദ്ര സർക്കാർ പാർലമെന്റിൽ നൽകിയിരിക്കുന്നത്. ആശാ പ്രവർത്തകർക്ക് ഓണറേറിയമായി 7000/- രൂപയും ഫിക്സഡ് ഇൻസെന്റീവിനത്തിൽ 1200/- രൂപയുമുൾപ്പെടെ 8200/- രൂപ സംസ്ഥാനം നൽകുമ്പോൾ 1800/- രൂപ മാത്രമാണ് കേന്ദ്ര സർക്കാർ നൽകുന്നത്. ആശാ പ്രവർത്തകരെ ഹെൽത്ത് വർക്കേഴ്സായി അംഗീകരിക്കണമെന്ന കേന്ദ്ര ട്രേഡ്

യൂണിയനുകളുടെ ആവശ്യത്തോടൊപ്പമാണ് സംസ്ഥാന സർക്കാർ നിലകൊള്ളുന്നത്. കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഗൈഡ്‌ലൈനനുസരിച്ച് 'സ്ത്രീ വോളണ്ടിയർ' എന്നതിൽ മാറ്റം വരുത്താൻ സംസ്ഥാന സർക്കാരുകൾക്ക് അധികാരമില്ല. ആശാ പ്രവർത്തകരെ ഹെൽത്ത് വർക്കേഴ്സായി അംഗീകരിക്കണമെന്ന ഇന്ത്യൻ ലേബർ കോൺഫറൻസിന്റെ ശിപാർശയിന്മേലും ഇൻസെന്റീവ് വർധിപ്പിക്കണമെന്ന സംസ്ഥാനങ്ങളുടെ ആവശ്യത്തിന്മേലും കേന്ദ്ര സർക്കാർ അനുകൂല നിലപാട് സ്വീകരിച്ചിട്ടില്ല. ഉപാധിരഹിത ഓണറേറിയം നൽകണമെന്ന ആശാ പ്രവർത്തകരുടെ ആവശ്യം അംഗീകരിച്ചുകൊണ്ട് 12-03-2025-ൽ സംസ്ഥാന സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. സർക്കാരിന് സാധ്യമായ കാര്യങ്ങൾ ചെയ്തിട്ടും സമരം നീട്ടിക്കൊണ്ടുപോകുന്നത് രാഷ്ട്രീയലക്ഷ്യത്തോടെയാണ്.

(ആശാ പ്രവർത്തകരുടെ സമരവുമായി ബന്ധപ്പെട്ട് മന്ത്രി നൽകിയ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും പ്രതിപക്ഷമൊന്നടങ്കം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനകം തിരിച്ചുവരികയും ചെയ്തു.)

(2) നെന്മാറ മുതലമട മാംഗോ ഹബ്ബ്

ശ്രീ. കെ. ബാബു (നെന്മാറ): നെന്മാറ നിയോജകമണ്ഡലത്തിലെ മുതലമടയിൽ ഒരു മാംഗോ ഹബ്ബ് സ്ഥാപിക്കുന്നതിനും വന്യമൃഗശല്യംമൂലം കൃഷി നാശമുണ്ടാകുന്ന മാവ് കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): മുതലമട മാംഗോ അഗ്രോ പാർക്കിന്റെ നിർമ്മാണച്ചുമതല ഇൻകെൽ-നെ ഏല്പിക്കുകയും 20 കോടി രൂപയുടെ പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത പാർക്കിന്റെ നിർമ്മാണ പ്രവൃത്തികളിൽ പുരോഗതിയുണ്ടാകാത്തതിനാൽ കേരള അഗ്രോ ബിസിനസ് കമ്പനി (KABCO)-യുടെ ബിസിനസ് പ്ലാനിൽ ഇത് ഉൾപ്പെടുത്തുകയുണ്ടായി. നബാർഡ് നടപ്പാക്കുന്ന RIAS (Rural Infrastructure Assistance to State Governments) പദ്ധതിയിലുൾപ്പെടുത്തി മുതലമട സീഡ് ഫാമിൽ ഒരു പായ്ക്ക് ഹൗസ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്. വന്യമൃഗ ശല്യംമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് വനം വകുപ്പ് നൽകുന്ന നഷ്ടപരിഹാരത്തിന് മാവ് കർഷകരും അർഹരാണ്. മാവ് കർഷകരെ വിള ഇൻഷ്വറൻസ്

പദ്ധതിയിലേക്ക് ആകർഷിക്കാനാവശ്യമായ ബോധവൽക്കരണം നടത്തുന്നതിനും അവർക്കുകൂടി സഹായകരമാകുന്ന വിധത്തിൽ വന്യമൃഗശല്യം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(3) പേരാവൂർ ജിമ്മി ജോർജ്ജ് സ്റ്റേഡിയം

ശ്രീ. സണ്ണി ജോസഫ്: പേരാവൂർ ജിമ്മി ജോർജ്ജ് സ്റ്റേഡിയത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): പേരാവൂർ ജിമ്മി ജോർജ്ജ് സ്റ്റേഡിയം നിർമ്മാണം 2012-ൽ ആരംഭിക്കുകയും ഒന്നാംഘട്ട പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. രണ്ടാംഘട്ട പ്രവൃത്തികൾ പൂർത്തീകരിക്കാൻ നേരത്തെ അനുവദിച്ച ഫണ്ട് അപര്യാപ്തമായതിനാൽ പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കാൻ സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(4) എറണാകുളം സീപോർട്ട് എയർപോർട്ട് റോഡ്

ശ്രീ. അൻവർ സാദത്ത്: എറണാകുളം സീപോർട്ട് എയർപോർട്ട്

റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): എറണാകുളം സീപോർട്ട് എയർപോർട്ട് റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടി അന്തിമഘട്ടത്തിലാണ്. ചൊവ്വര മുതൽ എയർപോർട്ട് വരെ 4.15 കിലോമീറ്റർ പ്രവൃത്തിയുടെ പുതുക്കിയ പദ്ധതി നിർദേശം സമർപ്പിക്കാൻ RBDCK-യോട് നിർദേശിച്ചിട്ടുണ്ട്. കിഫ്ബിയിലുൾപ്പെടുത്തി ടി പദ്ധതി യാഥാർഥ്യമാക്കാനുള്ള ഇടപെടൽ നടത്തുന്നതാണ്.

(5) തൊഴിലുറപ്പ് തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. പി. എസ്. സുപാൽ: തൊഴിലുറപ്പ് തൊഴിലാളികളുടെ വേതന കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും തൊഴിൽ ദിനങ്ങൾ വർധിപ്പിക്കുന്നതിനുമാവശ്യമായ ഇടപെടൽ നടത്തണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): കേന്ദ്ര ഗവൺമെന്റ് ഫണ്ട് ലഭ്യമാക്കാത്തതിനാൽ അവിദഗ്ധ തൊഴിലാളികളുടെ വേതനത്തിൽ 546.67 കോടി രൂപയുടെ കുടിശ്ശികയുണ്ട്. കഴിഞ്ഞ രണ്ടുവർഷങ്ങളിലായി തൊഴിലുറപ്പ് തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ കേന്ദ്ര സർക്കാർ

വെട്ടിക്കുറയ്ക്കുകയാണ് ചെയ്യുന്നത്. കേന്ദ്രം അനുവദിക്കുന്നതിനെക്കാൾ കൂടുതൽ തൊഴിൽ ദിനങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുന്നുണ്ട്. തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം വർധിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റുമായി നിരന്തര ഇടപെടലുകൾ നടത്തുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയെ തകർക്കാനുള്ള കേന്ദ്ര ഗവൺമെന്റ് നിലപാടിനെതിരെ ശക്തമായ നടപടി സ്വീകരിക്കും.

## IV റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു

(1) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ നാൽപ്പത്തിയാറ് മുതൽ അൻപത്തിയെട്ട് വരെയുള്ള റിപ്പോർട്ടുകൾ

(2) സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പത്ത് മുതൽ പതിനാല് വരെയുള്ള റിപ്പോർട്ടുകൾ

## V അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) <u>റിപ്പോർട്ട് പരിഗണന</u>

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങൾ

(i) 2024-ലെ കേരള പൊതുനിരത്തുകളുടെ പരിപാലനവും സംരക്ഷണവും ബിൽ

ശ്രീ. ജി. സ്റ്റീഫൻ: 2024-ലെ കേരള പൊതുനിരത്തുകളുടെ പരിപാലനവും സംരക്ഷണവും ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. ജി. സ്റ്റീഫൻ: സംസ്ഥാനത്തെ റോഡുകൾ കൂടുതൽ കാലം നിലനിൽക്കേണ്ടതിന്റെയും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട ഗതാഗത സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതിന്റെയും ആവശ്യകതയാണ് ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് റണ്ണിങ് കോൺട്രാക്റ്റുണ്ടെങ്കിലും ഗ്രാമീണ റോഡുകൾക്ക് അത്തരമൊരു സംവിധാനമില്ല. നഗര-ഗ്രാമ വ്യത്യാസം വളരെ കുറഞ്ഞ കേരളത്തിൽ ഗ്രാമീണ റോഡുകളുടെ തകർച്ചമൂലമുണ്ടാകുന്ന പ്രത്യാഘാതം വളരെ വലുതാണ്. കേരളത്തിന്റെ ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുയോജ്യമായ ഗ്രാമീണ റോഡുകൾ നിർമ്മിക്കാൻ ചെലവ് കുറഞ്ഞ നൂതന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തണം. ജൽ ജീവൻ മിഷൻ

പൈപ്പിടലിന് ശേഷമുള്ള റോഡ് റെസ്റ്റോറേഷനെടുക്കുന്ന കാലതാമസമൊഴിവാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾ തമ്മിൽ കൂടിയാലോചന നടത്തേണ്ടതാണ്. പൊതുനിരത്തുകളുടെ പരിപാലനത്തിനായി നിയമസഭാ മണ്ഡലാടിസ്ഥാനത്തിലും ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, വാർഡുതലങ്ങളിലുമുള്ള ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പൊതുനിരത്ത് പരിപാലന സമിതികൾ രൂപീകരിക്കണം. പൊതുനിരത്തുകളുടെ സംരക്ഷണത്തിനുള്ള പദ്ധതികളും പരിപാടികളും ആവിഷ്കരിച്ച് തദ്ദേശഭരണ സ്ഥാപന അധികാരികൾക്കും സർക്കാരിനും കൈമാറുക, പൊതുനിരത്തുകൾ മനഃപൂർവം നശിപ്പിക്കാൻ ശ്രമിക്കുന്നവരെ തെളിവുകൾ സഹിതം അതത് സമിതികളുടെ മുന്നിൽ കൊണ്ടുവരിക തുടങ്ങിയ ഉത്തരവാദിത്തങ്ങൾ സമിതിയിൽ നിക്ഷിപ്തമാക്കണം.

(ചർച്ച തുടരും)

(ii) <u>മെഡിക്കൽ പഠനാവശ്യത്തിനായി മൃതശരീരങ്ങൾ വിട്ടുനൽകലും പ്രോത്സാഹിപ്പിക്കലും ബിൽ</u>

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: മെഡിക്കൽ പഠനാവശ്യത്തിനായി മൃതശരീരങ്ങൾ വിട്ടുനൽകലും പ്രോത്സാഹിപ്പിക്കലും ബില്ലിന്റെ

അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): മൃതശരീരം മെഡിക്കൽ പഠനാവശ്യത്തിനായി വിട്ടുനൽകുന്നതിന് 1957-ൽ നിയമം രൂപീകൃതമായെങ്കിലും അടുത്ത ബന്ധുവിന്റെ/പങ്കാളിയുടെ വിസമ്മതമുണ്ടെങ്കിൽ മെഡിക്കൽ വിദ്യാഭ്യാസത്തിനായി സ്വീകരിക്കാൻ നിയമ തടസ്സമുണ്ട്. നിർദിഷ്ട അനൗദ്യോഗിക ബില്ലിൽ മൃതശരീരം ദാനം ചെയ്യുമ്പോൾ അടുത്ത ബന്ധുക്കളുടെയും ജനപ്രതിനിധികളുടെയും ഗസറ്റഡ് ഉദ്യോഗസ്ഥരുടെയും സാക്ഷ്യപത്രംകൂടി ആവശ്യപ്പെടണമെന്ന വ്യവസ്ഥ സംബന്ധിച്ച് പറയുന്നുണ്ട്. പഠനാവശ്യത്തിനായി മൃതശരീരം വിട്ടുനൽകാൻ സമ്മതപത്രം നൽകിയവർക്ക് ആശുപത്രി സേവനങ്ങൾ ലഭിക്കുന്നതിന് മുൻഗണന നൽകുന്നത് അടിയന്തര ആശുപത്രി സേവനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതാണ്. ഏറ്റെടുത്ത മൃതദേഹങ്ങൾ പഠനാവശ്യത്തിനുശേഷം മറവുചെയ്യണമെന്ന വ്യവസ്ഥ അശാസ്ത്രീയവും അപ്രായോഗികവുമാണ്. 1957-ലെ നിയമത്തിൽ കാലാനുസൃതമായ മാറ്റം ആവശ്യമായി വരുന്നപക്ഷം

ഭേദഗതി ചെയ്യാവുന്നതാണ്. ആയതിനാൽ ബിൽ പ്രസക്തമല്ല.

ശ്രീ. മുഹമ്മദ് മുഹസിൻ: മെഡിക്കൽ വിദ്യാർഥികൾക്ക് പഠിക്കാനാവശ്യമായ കഡാവർ ലഭ്യമല്ലാത്ത സാഹചര്യം സംസ്ഥാനത്ത് നിലവിലുണ്ട്. നിലവിലുള്ള നിയമത്തിൽ അനാഥമാക്കപ്പെട്ട/ അവകാശികളില്ലാത്ത മൃതശരീരങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്. ആധുനിക വൈദ്യശാസ്ത്ര പഠനത്തിന് അനുകൂലവും നിലവിലുള്ള നിയമവുമായി കോൺഫ്ലിക്ടുണ്ടാകാത്തതുമായ ബില്ലാണ് കൊണ്ടുവന്നിട്ടുള്ളത്. 100 വിദ്യാർഥികൾക്ക് ഒരു കഡാവർപോലും നിലവിൽ ലഭിക്കുന്നില്ല. ഈ ബില്ലിൽ ബോധവൽക്കരണത്തിനും പ്രചാരണത്തിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പണം നൽകി ഇതരസംസ്ഥാനങ്ങളിൽനിന്നും കഡാവറുകൾ വാങ്ങിയാണ് പല സ്വകാര്യ മെഡിക്കൽ കോളേജുകളും ഉപയോഗിക്കുന്നത്. ഈ ബിൽ പരിഗണിച്ചില്ലെങ്കിലും നിയമത്തിൽ ഭേദഗതി വരുത്താതെ മുന്നോട്ടുപോകാൻ നിലവിലെ സാഹചര്യത്തിൽ സാധിക്കില്ല.

(ചർച്ച തുടരും)

(iii) 2024-ലെ കേരള വിദേശ പഠന കൺസൾട്ടൻസികളുടെയും ട്രാവൽ ഏജൻസികളുടെയും രജിസ്ട്രേഷനും നിയന്ത്രണവും ബിൽ

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): 2024-ലെ കേരള വിദേശ പഠന

കൺസൾട്ടൻസികളുടെയും ട്രാവൽ ഏജൻസികളുടെയും രജിസ്ട്രേഷനും നിയന്ത്രണവും ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): കേരളത്തിൽ നിന്നുള്ള അന്താരാഷ്ട്ര റിക്രൂട്ട്മെന്റിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഡോ. സജി ഗോപിനാഥ് അധ്യക്ഷനായ സമിതി സമർപ്പിച്ച റിപ്പോർട്ടിനെ ആധാരമാക്കിയുള്ള നിയമനിർമ്മാണ പ്രക്രിയ അന്തിമഘട്ടത്തിലാണ്. അടുത്ത സഭാസമ്മേളനത്തിൽ ബിൽ അവതരിപ്പിക്കാൻ സാധിക്കും. ഈ സാഹചര്യത്തിൽ ബില്ലിന് പ്രസക്തിയില്ല.

ഡോ. എൻ. ജയരാജ്: വിദേശപഠന കൺസൾട്ടൻസിയും ട്രാവൽ ഏജൻസികളും നടത്തുന്ന ആശാസ്യകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് നിയന്ത്രണം കൊണ്ടുവരുന്നതിനുവേണ്ടിയാണ് ബിൽ അവതരിപ്പിച്ചത്. കേരളത്തിലെ ജീവിതസാഹചര്യത്തിന്റെയും വിദ്യാഭ്യാസ രംഗത്തുണ്ടായ മാറ്റത്തിന്റെയും ഭാഗമായി വിദേശ രാജ്യങ്ങളിൽ ജോലിയും തൊഴിലും

അന്വേഷിച്ചുപോകുന്ന ആളുകളുടെ എണ്ണം വർധിച്ചുവരികയാണ്. സർക്കാർ ഇതുസംബന്ധിച്ച് കുറ്റമറ്റ ബിൽ കൊണ്ടുവരുന്നുണ്ടെന്ന് വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ ബില്ലിന്മേലുള്ള ചർച്ച അവസാനിപ്പിക്കാം. ബിൽ പിൻവലിക്കുകയാണ്.

ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(iv) 2022-ലെ കേരള കാവുകൾ സംരക്ഷണ-വികസന അതോറിറ്റി രൂപീകരണ ബിൽ

ശ്രീ. അനൂപ് ജേക്കബ്: 2022-ലെ കേരള കാവുകൾ സംരക്ഷണ-വികസന അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സംസ്ഥാനത്ത് കാവുകളുടെ സംരക്ഷണത്തിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് നടപടികൾ സ്വീകരിക്കുകയും നിയമനിർമ്മാണമുൾപ്പെടെയുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലുമാണ്. ഈ സാഹചര്യത്തിൽ ബിൽ പരിഗണിക്കേണ്ടതില്ല.

ശ്രീ. അനൂപ് ജേക്കബ്: കാവുകളുടെ സംരക്ഷണത്തിന് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും

അവയുടെ ശോഷണം തടഞ്ഞ് അതിർത്തി നിർണ്ണയിക്കുന്നതിനായാണ് നിയമം കൊണ്ടുവരണമെന്ന് ആവശ്യപ്പെടുന്നത്. വിശ്വാസത്തിന്റെയും ജൈവവൈവിധ്യത്തിന്റെയും കലവറയായ കാവുകളെക്കുറിച്ച് ആധികാരികമായ പഠനവും കണക്കെടുപ്പും നടത്താനുള്ള നടപടി സ്വീകരിക്കണം. റവന്യൂ രേഖകൾ അപര്യാപ്തമായതിനാൽ കാവുകൾ കൈയേറുന്നതിനെതിരെ റവന്യൂ വകുപ്പിന് നടപടി സ്വീകരിക്കാൻ സാധിക്കുന്നില്ല. വനസംരക്ഷണത്തിന് നൽകുന്ന പ്രാധാന്യം കാവുകളുടെ സംരക്ഷണത്തിനും നൽകുന്നതോടൊപ്പം അധിക തുക വകയിരുത്തുന്നതിനും നടപടി സ്വീകരിക്കണം. ഇതുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുവെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ചർച്ച അവസാനിപ്പിക്കുകയും ബിൽ പിൻവലിക്കുകയും ചെയ്യുന്നു.

ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(3) <u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങളുടെ തുടർചർച്ച</u>:

(i) <u>2021-ലെ കേരള കാർഷിക ഉൽപന്നങ്ങൾക്ക് അർഹമായ തറവില ഉറപ്പാക്കൽ ബിൽ.</u>

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: കാർഷികോൽപന്നങ്ങൾക്ക് ഉൽപാദന ചെലവിന്റെ ഇരട്ടി വില ലഭിക്കുന്ന തരത്തിൽ കർഷകർക്ക് തറവില

ഉറപ്പാക്കണം. നെല്ല്, നാളികേരം, റബ്ബർ എന്നിവയുടെ സംഭരണം ഉറപ്പുവരുത്താനും ഉൽപന്നങ്ങളുടെ വിലയിടിവിന് പരിഹാരം കണ്ടെത്താനും കർഷകരെ സഹായിക്കാനുള്ള നയം രൂപീകരിക്കാനും നടപടി സ്വീകരിക്കണം.

(ചർച്ച തുടരും)

(ii) 2021-ലെ കേരള ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും നിലവാരവും ഭക്ഷണ-പാനീയങ്ങളുടെ ഗുണ-വില നിയന്ത്രണവും ബിൽ

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സംസ്ഥാനത്തെ ഹോട്ടലുകളിലെയും റെസ്റ്റോറന്റുകളിലെയും ഭക്ഷണ-പാനീയങ്ങളുടെ ഗുണമേന്മ, വിലനിലവാരം, ശുചിത്വം, പശ്ചാത്തല സൗകര്യങ്ങൾ എന്നിവ പരിശോധിച്ച് ജനങ്ങൾക്ക് സുരക്ഷിത ഭക്ഷണം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

(ചർച്ച തുടരും)

(iii) 2021-ലെ വിനോദസഞ്ചാര മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധി ബിൽ

ശ്രീ. സജീവ് ജോസഫ്: ടൂറിസ്റ്റ് ഗൈഡുകൾ, ടൂർ ഓപ്പറേറ്റർമാർ, ടൂറിസ്റ്റ് ടാക്സി ഡ്രൈവർമാർ, ലൈഫ് ഗാർഡുകൾ, റിസോർട്ട്, ഹോം സ്റ്റേ, ഹോട്ടൽ, റെസ്റ്റോറന്റ് പോലുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികൾ എന്നിവർക്ക് വേതനവും തൊഴിൽ സുരക്ഷയും അവരുടെ ആശ്രിതർക്ക്

പെൻഷനും ആരോഗ്യ പരിരക്ഷയും മറ്റാനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നതിനാണ് ബില്ലിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

(ചർച്ച തുടരും)

(സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

******